Suppliers-ൽ നിന്നും സാധനങ്ങളുടെ ഗുണനിലവാരം നല്ല രീതിയിൽ വിലയിരുത്തി വാങ്ങാനും ഉള്ള പരിചയ സമ്പത്ത് നേടിയെടുക്കാനും സാധിച്ചു. പലതരത്തിലുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്ലാനറ്റോറിയത്തിൽ വിവരണം നൽകുന്നതിനും Astro Photography-യെക്കുറിച്ച് മനസ്സിലാക്കാനും സാധിച്ചു.

## കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കെട്ടിട നിർമ്മാണ കരാർ

207 (4871) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എത്ര കെട്ടിടങ്ങളുടെ നിർമ്മാണ കരാറാണ് 2010 മുതൽ 2019 മാർച്ച് മാസം വരെ കാലയളവിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സ്ഥാപനത്തിന് നൽകിയത്; ഓരോ കെട്ടിടത്തിന്റെയും പേര്, അടങ്കൽ തുക, എഗ്രിമെന്റ് കാലാവധി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ കെട്ടിടത്തിന്റെയും പ്രവൃത്തിക്ക് ഗഡുക്കളായി തുക അനുവദിച്ചു നൽകിയിരുന്നോ; എങ്കിൽ എത്ര ശതമാനം പണി കഴിയുമ്പോഴാണ് തുക അനുവദിച്ചു നൽകിയിരുന്നത്; എത്ര തുകയാണ് അങ്ങനെ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ഉദ്യോഗസ്ഥർ ചെക്ക് മെഷർമെന്റ് എടുത്തതിനു ശേഷമാണോ ഓരോ ഗഡു തുകയും അനുവദിച്ചു നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ചെക്ക് മെഷർമെന്റ് നടത്താതെ കരാറുകാരന് തുക നൽകുന്നത് നിയമവിരുദ്ധമല്ലേ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്തു നടത്തിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി എഗ്രിമെന്റ് കാലവധിക്കുള്ളിൽ എത്ര കെട്ടിടങ്ങൾ ഇതുവരെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു കൈമാറിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ഏറ്റെടുത്തു നടത്തുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ചു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതു കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയതെന്നും ,കാലാവധി ദീർഘിപ്പിച്ചു നല്കാനുണ്ടായ കാരണം എന്തെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

**സാങ്കേതിക വിദ്യാലയങ്ങളിൽ (ടെക്നിക്കൽ സ്കൂൾ) കുട്ടികളുടെ കുറവ്**

208 (4872) ശ്രീ. ഇ. കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ ചേരുന്നത് വർദ്ധിക്കുകയും എന്നാൽ സാങ്കേതിക വിദ്യാലയത്തിൽ കുട്ടികൾ ചേരുന്നത് ഗണ്യമായി കുറഞ്ഞുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ടെക്നിക്കൽ സ്കൂൾ മേഖലയിൽ 2013-ൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കരണമാണ് പ്രസ്തുത പ്രതിസന്ധിക്ക് കാരണമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം സാങ്കേതിക വിദ്യാലയങ്ങളിൽ ചേർന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായം ഒരു ഡയറക്ടറേറ്റിൻ കീഴിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകൾ ഇതിന്റെ കീഴിലാക്കി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാ ടെക്നിക്കൽ ഹൈസ്കൂളുകളിലും പ്രവേശന പരീക്ഷ നടത്തിയാണ് അഡ്മിഷൻ നൽകുന്നത്. വിപുലമായ പ്രചരണ പ്രവർത്തനങ്ങളിലൂടെ ടെക്നിക്കൽ ഹൈസ്കൂളുകളുടെ പ്രവർത്തനരീതി പൊതുജനങ്ങളിലെത്തിക്കാൻ സ്കൂൾതലത്തിൽ നടപടിയെടുത്തിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളുകളിലെല്ലാം തന്നെ റോബോർട്ടിക് ലാബുകൾ സ്ഥാപിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതുവഴി കൂടുതൽ കുട്ടികളെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം സാങ്കേതിക വിദ്യാലയങ്ങളിൽ (THS) ചേർന്ന കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു: